ശം ഇതിനകം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ നിർദേശത്തിൽ സ്വീകാര്യമായ ഒരംശം ഉണ്ടാവാം. പക്ഷേ, സോൾ ഏഷ്യാഡിൽ ഏററവും മികച്ച കായികതാരമെന്ന ഖ്യാതി നേടിയ ഉഷയുടെ കോച്ച് ഒരു വിദേശീയാനുഭവവുമില്ലാത്ത ശ്രീ നമ്പ്യാർ ആണെന്ന വസ്തുത നാം മറന്നുകൂടാ. കോച്ചിന്റെ വിദേശീയ ബന്ധങ്ങളെക്കാൾ പ്രാധാന്യം അർപ്പണബോധത്തോടെ നിരന്തരാദ്ധ്വാനം ചെയ്യുവാൻ കോച്ചിനുള്ള സന്നദ്ധതയ്ക്ക് നാം എന്നും വില നൽകുകതന്നെ വേണം.

സ്പോർട്സ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇന്ത്യയിലെ കേന്ദ്ര—സംസ്ഥാനസർക്കാരുകൾ ഏതാനും വർഷങ്ങളായി താല്പര്യം പ്രദർശിപ്പിച്ചുവരുന്നുണ്ട്. എന്നാൽ, മഹാനഗരങ്ങളിൽ വമ്പിച്ച മുതൽമുടക്കോടെ മഴ കൊള്ളാത്ത (ഇൻഡോർ) സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും മററും നിർമിക്കുന്നതിലാണ് ഗവൺമെൻറുകളുടെ ശ്രദ്ധ ഇപ്പോൾ കേന്ദ്രീകരിച്ചിട്ടുള്ളത്. ഇവയുടെ പ്രയോജനം എത്രപേർക്കു ലഭിക്കും? മറിച്ച്, ജീവിതത്തിന്റെ മററു പല രംഗങ്ങളിലുമെന്നപോലെ സ്പോർട്സിലും താല്പര്യം വളർത്തേണ്ടതും പരിശീലനം നല്കേണ്ടതും, മുഖ്യമായും അടിസ്ഥാനതലത്തിലാണ്. 'ഓരോ പഞ്ചായത്തിലും ഓരോ ഫുട്ബോൾഗ്രൗണ്ട്' എന്ന ആവശ്യം കേരളംപോലെയുള്ള ഒരു സ്റ്റേററിലെ സർക്കാർ എന്നാണ് ഗൗരവമായെടുക്കുക? ഓരോ സെക്കൻഡറി സ്കൂളിലും ഏതാനും കളികൾക്കുള്ള സൗകര്യമെങ്കിലും ഏതു കാലത്താണ് ഉണ്ടാവുക? നമ്മുടെ കോളേജുകളിൽ കായികസംസ്കരണത്തിന് ഇപ്പോൾത്തന്നെ ലഭ്യമായ ഭൗതിക—മാനുഷികവിഭവങ്ങൾ എന്നാണു നിഷ്കർഷയോടെ പരമാവധി ഉപയോഗിക്കപ്പെടുക?

മററു പല മണ്ഡലങ്ങളിലുമെന്നപോലെ, ഒരുപക്ഷേ, മററു പല മണ്ഡലങ്ങളിലുമുള്ളതിലേറെ, നിസ്വാർത്ഥവും സമർപ്പിതവും കഠിനവുമായ നിരന്തരാദ്ധ്വാനം സ്പോർട്സിന്റെ മണ്ഡലത്തിൽ വിജയത്തിന് ആവശ്യമാണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും ശിക്ഷകരും ശിക്ഷണീയരും തമ്മിൽ ഇത്രയേറെ സഹകരണം ആവശ്യമായ മറെറാരു ശിക്ഷണമണ്ഡലമില്ല. പരമാവധി അച്ചടക്കവും പലപ്പോഴും താപസനിർവിശേഷമായ സംയമവും കളിക്കാർക്കെന്നപോലെ കോച്ചുകൾക്കും ആവശ്യമാണ്. കളിച്ചു ജയിക്കാൻ ആഗ്രഹമുണ്ടെങ്കിലും, അതിനു് ഇളവില്ലാതെ നൽകേണ്ട അച്ചടക്കത്തിന്റെ വില കൊടുക്കാൻ എത്ര യുവജനങ്ങൾ നമ്മുടെ നാട്ടിൽ തയ്യാറാവും? ഉഷ ചൂടിയ കിരീടം കാണുന്നവർ, ആ കിരീടത്തിനു താഴെയുള്ള പെൺകുട്ടി മുള്ളു നിറഞ്ഞ പാതയിലൂടെ ദീർഘകാലം നടത്തിയ ക്ലേശപൂർണമായ തീർത്ഥയാത്രയുടെ ഏടുകൾ മറിച്ചു നോക്കുവാൻകൂടി സന്നദ്ധരാവുമോ?

(8 ഒക്ടോബർ, 1986)

# 34. വിദ്യാലയങ്ങളിൽ ദേശീയഗാനം

'ജനഗണമന' എന്നു തുടങ്ങുന്ന ദേശീയഗാനം വിദ്യാലയങ്ങളിൽ ആലപിക്കുന്നതു നിർബന്ധിതമാക്കാൻ ആവശ്യമായ ഭേദഗതി കേരള വിദ്യാഭ്യാസനിയമത്തിൽ വരുത്തുമെന്ന് വിദ്യാഭ്യാസമന്ത്രി ശ്രീ ടി. എം. ജേക്കബ് തൃശ്ശൂരിൽവെച്ച് പ്രസ്താവിച്ചതായി 1986 സെപ്തംബർ 8—ാം തീയതിയിലെ 'മാതൃഭൂമി' പത്രത്തിൽ കാണുകയുണ്ടായി. 'ജനഗണമന' ചൊല്ലുന്നതു നിർബന്ധമാക്കിക്കൊണ്ടു വിദ്യാഭ്യാസ ഡയറക്ടർ വിദ്യാല

യങ്ങരംക്കു സർക്കലർ മുമ്പുതന്നെ അയച്ചിട്ടുണ്ട്. പക്ഷേ, ഇതു് അനുസരിക്കാത്തവർക്കെതിരെ നടപടിയെടുക്കാൻ കേരള വിദ്യാഭ്യാസച്ചട്ടങ്ങളിൽ വ്യവസ്ഥയില്ല. ഇത്തരം വ്യവസ്ഥ വിദ്യാഭ്യാസച്ചട്ടങ്ങളിൽ ഉരംക്കൊള്ളിക്കാനാണ് ഇപ്പോരം സർക്കാർ ഉദ്ദേശിക്കുന്നതു്.

ദേശീയഗാനം ആലപിക്കുന്നതിനു മതപരമായ കാരണങ്ങളാൽ വിസമ്മതിക്കുന്ന വിദ്യാർത്ഥികളെ സ്കൂളുകളിൽനിന്നു പിരിച്ചുവിടുന്നതു് ഇന്ത്യൻ ഭരണഘടനയ്ക്കെതിരാണെന്ന സുപ്രധാനമായ ഒരു വിധി ഇക്കഴിഞ്ഞ ആഗസ്റ്റ് മദ്ധ്യത്തിൽ സുപ്രീംകോടതി പ്രസ്താവിച്ചു. ഈ വിധിക്കെതിരെ കേരളസർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട്. അപ്പീൽ സംബന്ധിച്ച തീരുമാനം സുപ്രീംകോടതി നൽകുംവരെ കേരളഗവണ്മെൻറ് കാത്തിരിക്കേണ്ടതില്ലെന്നാണ് വിദ്യാഭ്യാസമന്ത്രി കരുതുന്നതു്. 'സുപ്രീംകോടതി വിധിയും (കേരള വിദ്യാഭ്യാസച്ചട്ടങ്ങളിൽ) ഭേദഗതി വരുത്തുന്നതും തമ്മിൽ ബന്ധമൊന്നുമില്ല. ഭേദഗതി വരുത്താനുള്ള അവകാശം സർക്കാരിനുണ്ട്'' എന്നു് ശ്രീ ജേക്കബ് പ്രസ്താവിച്ചതായി മുമ്പു പറഞ്ഞ പത്രവാർത്ത തുടരുന്നു.

ദേശീയഗാനാലാപത്തെ നിർബന്ധിതമല്ലാതെ ഐച്ഛികമാക്കുന്ന സുപ്രീംകോടതിവിധി പല വൃത്തങ്ങളിലും അമ്പരപ്പ് ഉളവാക്കിയിട്ടുണ്ട്. ഈ അമ്പരപ്പിൻെറ പ്രതിധ്വനികരം പാർലമെൻറിലും ഉയരുകയുണ്ടായി. ദേശീയ ഗാനാലാപത്തിൽ ചേരുകയില്ലെന്നു ശഠിക്കുന്നതു് ശിക്ഷാർഹമായ കുററം ആക്കുന്ന ഒരു നിയമം പാർലമെൻറിൽ അവതരിപ്പിക്കാൻ ഭരണകക്ഷി ഉദ്ദേശിക്കുന്നതായും പറഞ്ഞുകേട്ടിരുന്നു.

ഇക്കാര്യത്തിൽ പ്രസക്തമായ വസ്തുതകളും സുപ്രീംകോടതിയുടെ വിധിയും സൂക്ഷ്മമായ പരിഗണന അർഹിക്കുന്നു.

'യഹോവയുടെ സാക്ഷികരം' എന്നറിയപ്പെടുന്ന ഒരു ക്രൈസ്തവ മതവിഭാഗമുണ്ട്. യഹോവയായ ദൈവത്തിലെന്നപോലെ, ദൈവശത്രുവായ സാത്താനിലും ഇവർ വിശ്വസിക്കുന്നു. ദൈവത്തിനെതിരെ കലാപമുയർത്തിയ സാത്താൻ, സ്വന്തമായ ഒരു സംവിധാനമുണ്ടാക്കി ദൈവദ്രോഹം തുടർന്നു നടത്തിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയവും സാമ്പത്തികവും മതപരവുമായ സംഘടനകളിലൂടെ സാത്താൻ ആധുനികലോകത്തെ ഭരിക്കുകയും നിയന്ത്രിക്കുകയുംചെയ്തുവരുന്നു. സാത്താൻെറ എല്ലാ സംഘടനകളോടും നിസ്സഹകരിക്കേണ്ടതു്, യഹോവയോടു കൂറുള്ള അനുയായികളുടെ കടമയാകുന്നു.

അതിനാൽ യഹോവയുടെ സാക്ഷികരം ഒരു രാജ്യത്തും രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നില്ല. യുദ്ധത്തിനെതിരാകയാൽ അവർ പട്ടാളത്തിൽ ചേർന്നു പൊരുതാൻ വിസമ്മതിക്കുന്നു. ദൈവത്തിൻെറ നിയമങ്ങളും മനുഷ്യൻെറ നിയമങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടാകുമ്പോരം, യഹോവയുടെ സാക്ഷികരം ദൈവത്തിൻെറ നിയമങ്ങളുടെ പിന്നിൽ ഉറച്ചുനിൽക്കുന്നു. ദൈവനിയമങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്ന മനുഷ്യനിയമങ്ങരം മാത്രമേ അവർ അനുസരിക്കുകയുള്ളു. ബ്രിട്ടനിലെ യഹോവയുടെ സാക്ഷികരം റാണിയോടു കൂറു പുലർത്തുമെന്നു പ്രതിജ്ഞചെയ്യാറില്ല. മററു രാജ്യങ്ങളിലും, മനുഷ്യർ നിർമിച്ച ഏതെങ്കിലും സ്ഥാപനത്തോടു കൂറു പുലർത്തുമെന്നു പ്രതിജ്ഞചെയ്യാൻ അവർ തയ്യാറല്ല. ബ്രിട്ടനിലെയും അമേരിക്കയിലെയും ഇന്ത്യയിലെയും—ഏതു രാജ്യത്തിലെയും ദേശീയഗാനം അവർ പാടുകയില്ല. അമേരിക്കയിലുള്ള യഹോവയുടെ സാക്ഷികരം, അവിടത്തെ ദേശീയഗാനം പാടുമ്പോരം എഴുന്നേററു നില്ക്കുകകൂടിയില്ല. യഹോവയുടെ സാക്ഷികരം, ഒരു രാജ്യത്തും വോട്ടു ചെയ്യാറില്ല; തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാകാറില്ല; പട്ടാളത്തിൽ ചേരാറുമില്ല.

അസാധാരണങ്ങളായ ഈ വിശ്വാസങ്ങളും ആചാരങ്ങളും നിമിത്തം, യഹോവയുടെ സാക്ഷികൾ ബ്രിട്ടനിലും അമേരിക്കയിലും ആസ്ത്രേലിയയിലും കനഡയിലും കോടതികളിലേക്ക വലിച്ചിഴയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, കോടതികൾ, പ്രായേണ, അവരുടെ മതവിശ്വാസങ്ങൾക്ക സംരക്ഷണം നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഇന്ത്യയിലും സംഭവിച്ചത് ഇതാണ്.

കേരളത്തിലെ ഒരു സ്കൂളിൽ മൂന്നു വിദ്യാർത്ഥികൾ, തങ്ങൾ യഹോവയുടെ സാക്ഷികൾ ആണെന്ന കാരണത്താൽ, ദേശീയഗാനം പാടാൻ വിസമ്മതിച്ചു. എന്നാൽ, എന്നും രാവിലെ, സ്കൂളിലെ കുട്ടികൾ മുഴുവൻ ചേർന്ന് ദേശീയഗാനം പാടുമ്പോൾ, ഇവർ അച്ചടക്കത്തോടെ നിശ്ശബ്ദമായി എഴുന്നേററു നില്ക്കാറുണ്ടായിരുന്നു. വളരെ വർഷങ്ങളായി തുടർന്നുവന്ന ഈ നടപടി കേരളനിയമസഭയിൽ ഉന്നയിക്കപ്പെട്ടപ്പോഴാണ് കുഴപ്പം ആരംഭിച്ചത്. പ്രാരംഭാന്വേഷണത്തിനുശേഷം വിദ്യാഭ്യാസ ഡെപ്യൂട്ടി ഇൻസ്പെക്ടരുടെ നിർദേശം അനുസരിച്ച് ഹെഡ്മിസ്ട്രസ് ഈ കുട്ടികളെ സ്കൂളിൽനിന്നു പിരിച്ചുവിട്ടു. തങ്ങളുടെ കുട്ടികളെ സ്കൂളിൽ തിരിച്ചെടുപ്പിക്കണമെന്ന അഭ്യർത്ഥനയുമായി രക്ഷിതാക്കൾ കേരള ഹൈക്കോടതിയെ സമീപിച്ചു. കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിയും, പിന്നീട് ഒരു ഡിവിഷൻബഞ്ചും, ഈ അപേക്ഷ തിരസ്കരിക്കുകയാണുണ്ടായത്. രക്ഷിതാക്കൾ, സ്വാഭാവികമായി സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തു. ഇന്ത്യൻ പൗരൻെറ സംഭാഷണസ്വാതന്ത്ര്യത്തിനു് സംരക്ഷണം നൽകുന്ന ഭരണഘടനയിലെ 19 (1) (എ)വകുപ്പും, മതസ്വാതന്ത്ര്യത്തിനു സംരക്ഷണം നൽകുന്ന 25(1) വകുപ്പും അനുസരിച്ച്, ദേശീയഗാനം പാടാതിരിക്കാനുള്ള അവകാശം യഹോവയുടെ സാക്ഷികൾക്കുണ്ടെന്നും, അതു പാടാതിരുന്നതിനു് ഏതെങ്കിലും വിദ്യാർത്ഥിയെ സ്കൂളിൽനിന്നു പിരിച്ചുവിട്ടുകൂടെന്നും സുപ്രീംകോടതി വിധിക്കുകയുംചെയ്തു. ഈ വിധിക്കെതിരെ കേരള സർക്കാർ കൊടുത്ത അപ്പീൽ ഇപ്പോൾ സുപ്രീംകോടതിയുടെ മുമ്പിലുണ്ട്.

ദേശീയഗാനം പാടാൻ നിയമപരമായ ബാദ്ധ്യത ഇന്ത്യൻ പൗരന്മാർക്കുണ്ടോ? ഇല്ലെന്നാണ് സുപ്രീംകോടതി പ്രസ്താവിച്ചിട്ടുള്ളത്. ഭരണഘടനയുടെ 42-ാം ഭേദഗതി ഇന്ത്യൻ പൗരന്മാരുടെ മൗലിക ബാദ്ധ്യതകൾ നിർവചിച്ചിട്ടുണ്ട്. ഈ ഭേദഗതിയനുസരിച്ച്, ഭരണഘടനയെ അനുസരിക്കേണ്ടതും, അതിലെ ആദർശങ്ങളെ മാനിക്കേണ്ടതും, അതനുസരിച്ചു സ്ഥാപിക്കപ്പെട്ട ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കേണ്ടതും ഇന്ത്യയിലെ ഓരോ പൗരൻെറയും മൗലിക ബാദ്ധ്യതയാകുന്നു. ദേശീയഗാനം പാടുമ്പോൾ അച്ചടക്കത്തോടെ എഴുന്നേററു നില്ക്കുന്നതുവഴി ഈ ദേശീയബാദ്ധ്യതയെ യഹോവയുടെ സാക്ഷികളായ കുട്ടികൾ നിറവേററിയിട്ടുള്ളതായി സുപ്രീംകോടതി കരുതുന്നു.

'ദേശീയമാനം കെടുത്തുന്നതു തടയുന്നതിനുള്ള നിയമം' (പ്രിവെൻഷൻ ഓഫ് ഇൻസൾട്ട്സ് ടു നാഷണൽ ഓണർ ആക്ട്) എന്നൊരു നിയമം ഇന്ത്യൻ നിയമസംഹിതയിലുണ്ട്. ഈ നിയമപ്രകാരം, ദേശീയഗാനം പാടുന്നതിനെ കരുതിക്കൂട്ടി തടയുന്നതും, ദേശീയഗാനം പാടിക്കൊണ്ടിരിക്കുന്ന ഒരു യോഗത്തിൽ കുഴപ്പമുണ്ടാക്കുന്നതും ശിക്ഷാർഹങ്ങളായ കുററങ്ങളാണ്. പക്ഷേ, യഹോവയുടെ സാക്ഷികൾ ദേശീയഗാനാലാപാവസരത്തിൽ മൗനം പാലിക്കുകവഴി ഈ കുററങ്ങൾ ചെയ്യുതായി സുപ്രീംകോടതി കരുതുന്നില്ല.

അതേസമയം, തൻെറ സ്കൂളിലെ കുട്ടികൾ ദേശീയഗാനം പാടേ

ണ്ടെന്നു തീരുമാനിച്ച കേരളത്തിൽ പാലാഴിയിലുള്ള സുദർശന സംസ്കൃത വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ ശ്രീ കൃഷ്ണവാരിയർ, ദേശീയഗാനം പാടുന്നതിനെ കരുതിക്കൂട്ടി തടയുക എന്ന കുററം ചെയ്തിരിക്കാനാണു സാദ്ധ്യത. സുപ്രീംകോടതി സുദർശനവിദ്യാലയത്തിന്റെ കാര്യം പരിഗണിക്കുകയുണ്ടായില്ല എന്നതു ശരിതന്നെ. എന്നാൽ, സാഹചര്യങ്ങൾ ശ്രദ്ധിച്ചു പരിശോധിക്കുകയും സുപ്രീംകോടതിയുടെ വിധി നിഷ്കർഷിച്ചു പഠിക്കുകയുംചെയ്യുമ്പോൾ, സുദർശനവിദ്യാലയത്തിന്റെ ഹെഡ്മാസ്റ്റർ ചെയ്തതു ശിക്ഷാർഹമായ ഒരു കുററമാണെന്ന നിഗമനത്തിലാണു നാം എത്തുക. മതപരമായ പരിഗണനകളാലല്ല അദ്ദേഹം ദേശീയഗാനാലാപം നിരോധിച്ചതു്. 'ജനഗണമന' എന്ന ഗാനത്തിൽ വേണ്ടത്ര ദേശീയതയില്ലെന്നു് അദ്ദേഹം കരുതി. രവീന്ദ്രനാഥ ടാഗോറിന്റെ കവിതയുടെ ആ അംശം ഇന്ത്യയുടെ ദേശീയഗാനമായിരിക്കണമെന്നു തീരുമാനിച്ച പാർലമെന്റിന്റെ ഇച്ഛയ്ക്കുമേൽ സ്വന്തം വ്യക്തിപരമായ ഇച്ഛയെ പ്രതിഷ്ഠിക്കുകയാണദ്ദേഹം ചെയ്തതു്. കൂടുതൽ 'ദേശീയത'യുണ്ടെന്നു താൻ കരുതിയ തന്റേതായ ഒരു ഗാനത്തെ അദ്ദേഹം 'ജനഗണമന'യുടെ സ്ഥാനത്തു് അവരോധിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ തീവ്രമായ ദേശീയബോധത്തോടു ബഹുമാനമുള്ളവർക്കുകൂടി, നാട്ടിൽ നിലവിലുള്ള നിയമത്തിന്റെ ലംഘനമായിരുന്നു അദ്ദേഹത്തിന്റെ പ്രവൃത്തി എന്നു ചൂണ്ടിക്കാട്ടാതിരിക്കുക വയ്യ.

വിദ്യാർത്ഥികൾ ദേശീയഗാനം നിർബന്ധമായും പാടിക്കൊള്ളണമെന്ന വ്യവസ്ഥ കേരള വിദ്യാഭ്യാസച്ചട്ടങ്ങളിലില്ല. ദേശീയഗാനം പാടിയില്ല എന്ന കുററത്തിനു് ഒരു വിദ്യാർത്ഥിയെ പിരിച്ചയയ്ക്കാനും ഈ ചട്ടങ്ങൾ അനുശാസിക്കുന്നില്ല. എന്നാൽ, വിദ്യാർത്ഥിയുടെ രാജ്യസ്നേഹത്തിനു മതമോ, രാഷ്ട്രീയപാർട്ടിയോ തടസ്സമാകരുതെന്ന അർത്ഥത്തിൽ കേരള വിദ്യാഭ്യാസ ഡയറക്ടർ ഒരു സർക്കുലർ ഇറക്കിയിട്ടുണ്ടു്. ദേശീയഗാനാലാപത്തിൽ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികളും നിയമേന പങ്കെടുക്കണമെന്നു് അനുശാസിക്കുന്ന മറെറാരു സർക്കുലറും വിദ്യാഭ്യാസ ഡയറക്ടറുടേതായുണ്ടു്.

തങ്ങളുടെ മതവിശ്വാസങ്ങൾക്കെതിരാണെങ്കിൽപോലും വിദ്യാർത്ഥികൾ ജനഗണമനഗാനം ആലപിക്കണമെന്നാണോ ഈ സർക്കുലറുകൾ സൂചിപ്പിക്കുന്നതു്? അങ്ങനെയാണെങ്കിൽ ഭരണഘടനയുടെ 19 (1)(എ), 25 (1) എന്നീ വകുപ്പുകൾ പൗരന്മാർക്കു നൽകുന്ന സംരക്ഷണത്തെ ലംഘിക്കുന്നവയാണു് ഈ സർക്കുലറുകൾ എന്നു് സുപ്രീംകോടതി കരുതുന്നു. 19 (1) (എ) വകുപ്പുപ്രകാരമുള്ള സംരക്ഷണത്തിൽ എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്തണമെങ്കിൽ അതു് പാർലമെന്റോ, നിയമസഭകളോ പാസ്സാക്കുന്ന നിയമങ്ങളിലൂടെയാവണം; ഉദ്യോഗസ്ഥന്മാരുടെ സർക്കുലറുകളിലൂടെയാവരുതു് എന്നു് ഇതിനുമുമ്പു വ്യക്തമായി നിർദേശിക്കപ്പെട്ടിട്ടുണ്ടു്. അതിനാൽ, യഹോവയുടെ സാക്ഷികളായ കുട്ടികളെ സ്കൂളിൽനിന്നു പറഞ്ഞയച്ച ഹെഡ്മിസ്ട്രസ്സിന്റെ നടപടി നിയമവിരുദ്ധമാണു്. ഒപ്പം, നിയമസഭയിൽ പാസ്സാക്കുന്ന ഏതെങ്കിലും ബില്ലിലൂടെയല്ലാതെ, ഏതെങ്കിലും സർക്കാർ ഉത്തരവുവഴി കേരള വിദ്യാഭ്യാസച്ചട്ടങ്ങളിൽ കേരളഗവണ്മെന്റ് വരുത്തിയേക്കാവുന്ന ഭേദഗതികളും കോടതിയിൽ ചോദ്യംചെയ്യപ്പെടുമെന്നതിൽ സംശയം വേണ്ട.

പൗരന്മാരുടെ മതസ്വാതന്ത്ര്യത്തിനു സംരക്ഷണം നൽകുന്ന 25 (1) വകുപ്പിന്റെ പ്രാധാന്യത്തെപ്പററി സുപ്രീംകോടതി വ്യക്തമായി വിധിയിൽ പ്രതിപാദിക്കുന്നുണ്ടു്. ഭരണഘടനയ്ക്കു കീഴിൽ തങ്ങളുടെ വ്യതിരിക്തവ്യക്തിത്വം (ഐഡൻറിററി) നിലനിർത്തുവാൻ നന്നേ ചെറിയ ന്യൂനപക്ഷങ്ങൾക്കുകൂടിയും എത്രമാത്രം സാധിക്കുന്നു എന്നതിനെ അടി

സ്ഥാപനപ്പെടുത്തിവേണം ശരിയായ ജനാധിപത്യത്തിന്റെ മേന്മ നിശ്ച യിക്കപ്പെടാൻ. ന്യൂനപക്ഷത്തിന്റെ വിശ്വാസങ്ങളും ആചാരങ്ങളും ഭൂരിപ ക്ഷത്തിന്റെ യുക്തിബോധവുമായി പൊരുത്തപ്പെട്ടുകൊള്ളണമെന്നില്ല. ന്യൂനപക്ഷത്തിന്റെ വിശ്വാസം ആത്മാർത്ഥവും അവരുടെ മനസ്സാക്ഷി ക്ക് അനുസൃതവുമാണോ എന്നതാണു മുഖ്യം. വിശ്വാസം ആത്മാർത്ഥമെ ങ്കിൽ 25 (1) വകുപ്പിന്റെ സംരക്ഷണം ന്യൂനപക്ഷത്തിനു ലഭിക്കുകത ന്നെ വേണം. പൊതുസമാധാനം, സദാചാരം, പൊതുജനാരോഗ്യം, സാമ്പത്തിക—രാഷ്ട്രീയ—മതനിരപേക്ഷപ്രവർത്തനങ്ങൾ മുതലായവ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾക്ക് ഈ വിശ്വാസം എതിരാവുന്നു ണ്ടോ എന്നുമാത്രമേ ഇക്കാര്യത്തിൽ നോക്കേണ്ടതുള്ളു.

അമേരിക്കൻ ദേശീയഗാനം പാടുമ്പോൾ എഴുന്നേററുനിൽക്കാതിരി ക്കാൻ യഹോവയുടെ സാക്ഷികൾക്കുള്ള അവകാശത്തെപ്പററി അമേരിക്കൻ സുപ്രീംകോടതിയിൽ ജസ്റ്റിസ് ജാക്സൺ നൽകിയ വിധിന്യായ ത്തിൽനിന്നു ചില വാക്യങ്ങൾ ഇന്ത്യൻ സുപ്രീംകോടതി ഉദ്ധരിച്ചിട്ടു ണ്ട്. ജസ്റ്റിസ് ജാക്സൺ എഴുതി:

'നമ്മുടെ ഭരണഘടനയാകുന്ന ആകാശമണ്ഡലത്തിൽ സ്ഥിരമായി നിൽക്കുന്ന ഏതെങ്കിലും നക്ഷത്രമുണ്ടെങ്കിൽ അതിതാണ്: രാഷ്ട്രീയത്തി ലും, ദേശീയതയിലും, മതത്തിലും, മറേറതൊരു കാര്യത്തിലും യാഥാ സ്ഥിതികമെന്നു വിശേഷിപ്പിക്കാവുന്നതു് ഏതു് എന്നു നിർദേശിക്കാ നോ, അതിനോടുള്ള കൂറു പുലർത്തുന്നതായി വാക്കുകൊണ്ടോ, പ്രവൃത്തി കൊണ്ടോ പ്രഖ്യാപിക്കണമെന്നു് ആരേയും നിർബന്ധിക്കാനോ, ഏതു് ഉദ്യോഗസ്ഥനും—ഉദ്യോഗം വലുതോ, ചെറുതോ ആകട്ടെ—അധികാര മില്ല.'

'നമ്മുടെ പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നതു സഹിഷ്ണുതയാണ്. നമ്മുടെ തത്ത്വശാസ്ത്രം ഉപദേശിക്കുന്നതും സഹിഷ്ണുതതന്നെ. നമ്മുടെ ഭര ണഘടന സഹിഷ്ണുത നടപ്പിൽ വരുത്തുന്നു, സഹിഷ്ണുതയിൽ നാം വെള്ളം ചേർക്കാതിരിക്കുക' എന്നും സുപ്രീംകോടതി പറയുന്നുണ്ട്.

ഒരു സ്കൂളിലെ കുട്ടികൾ ഒന്നിച്ചു ദേശീയഗാനം പാടുമ്പോൾ അതിൽ ചേരാതെ, എന്നാൽ, അച്ചടക്കത്തോടെയും മൗനമായും മൂന്നു കുട്ടി കൾ എഴുന്നേററുനിൽക്കുന്നുവെങ്കിൽ, അതു നമ്മുടെ ദേശീയ—അഖണ്ഡത യെ തകർത്തുകൊള്ളണമെന്നില്ല. ദേശീയബോധമെന്നതു കൂടുതൽ അഗാ ധമായ ഒരു വികാരമാണ്. രാഷ്ട്രത്തിന്റെ ഭൂതകാലത്തിൽ അഭിമാനം, വർത്തമാനകാലത്തിൽ സന്തുഷ്ടി, ഭാവിയിൽ പ്രതീക്ഷ എന്നിവ പൗര ഹൃദയങ്ങളിൽ വേരൂന്നുമ്പോൾ മാത്രമേ ജനതയിൽ ദേശീയബോധത്തി ന് അസ്ഥിവാരം ഉറയ്ക്കുകയുള്ളു.

യഹോവയുടെ സാക്ഷികളുടെ കുട്ടികളെ നിർബന്ധിച്ചു ദേശീയ ഗാനം പാടിക്കാൻ നിയമമുണ്ടാക്കുംമുമ്പ്, പ്രസക്തങ്ങളായ ഇത്തരം കാര്യങ്ങളെപ്പററി കേരള വിദ്യാഭ്യാസമന്ത്രി ആലോചിക്കുന്നതു നന്നാ യിരിക്കും.

(9 സെപ്തംബർ, 1986)

## 35. ജനഗണമന

അപവാദം പറഞ്ഞുപരത്താനുള്ള വാസന ഇല്ലാത്ത മനുഷ്യർ കുറയും. 'സ്ത്രീകളെപ്പററിയും വാക്കിനെപ്പററിയും ആണു് അപവാദമെങ്കിൽ, എല്ലാ ജനങ്ങളും ദുർജനങ്ങൾതന്നെ' എന്നു് പ്രസിദ്ധ നാടകകൃത്തായ